# Telephone Conversation between PM and President of the Republic of Uganda

April 09, 2020

## പ്രധാനമന്ത്രിയും ഉഗാണ്ട റിപ്പബ്ലിക്ക് പ്രസിഡന്റും തമ്മിലുള്ള ടെലിഫോണിക് സംഭാഷണം.

**ഏപ്രിൽ** 09 , 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ഉഗാണ്ടാ റിപ്പബ്ലിക്ക് പ്രസിഡന്റായ യോവേരി കാഗൂത്ത മുസ്സെവ്നിയുമായി ഇന്ന് ടെലിഫോണിക് സംഭാഷണം നടത്തി,

കോവിഡ് 19 പകർച്ചവ്യാധിയെ തുടർന്ന് ഉത്ഭവിക്കുന്ന ആരോഗ്യ സാമ്പത്തിക വെല്ലുവിളികളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. നിലവിലെ ആരോഗ്യ പ്രതിസന്ധി നേരിടുന്നതിനായി ആഫ്രിക്കയിലെ സുഹൃത്തുക്കളുമായി ഇന്ത്യ ഐക്യദാർഢ്യത്തിൽ നില കൊള്ളുന്നുവെന്നും ഈ പ്രവിശ്യയിൽ വൈറസിന്റെ വ്യാപനം നിയന്ത്രിക്കുന്നതിനായുള്ള പരിശ്രമങ്ങൾക്ക് ഉഗാണ്ടൻ സർക്കാരിന് സാധ്യമായ എല്ലാ പിന്തുണയും നൽകുമെന്നും പ്രധാനമന്ത്രി പ്രസിഡന്റ് മുസ്ബേനിയക്ക് ഉറപ്പ് നൽകി.

നിലവിലെ സാഹചര്യത്തിൽ ഉഗാണ്ടയിൽ താമസിക്കുന്ന ഇന്ത്യൻ പ്രവാസികൾക്ക് ആതിഥേയ സർക്കാരും സമൂഹവും നൽകുന്ന സഹായങ്ങൾക്കും കരുതലിനും പ്രധാനമന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു.

ജൂലൈ 2018 ൽ ഉഗാണ്ടയിലേക്ക് നടത്തിയ സന്ദർശനം പ്രധാനമന്ത്രി അനുസ്മരിച്ചു കൂടാതെ ഇന്ത്യ ഉഗാണ്ട ബന്ധത്തിന്റെ പ്രത്യേകയെക്കുറിച്ച് പരാമർശിക്കുകയും ചെയ്തു.

കോവിഡ് 19 ന്റെ പ്രതിസന്ധിയിൽ നിന്നും ലോകം പെട്ടന്ന് തന്നെ മറികടക്കുമെന്നുള്ള പ്രത്യാശ ഇരു നേതാക്കളും പങ്കു വെച്ചു.

**ന്യൂഡൽഹി**
**09 ഏപ്രിൽ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.